**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 762** **06-10-2021 - ൽ മറുപടിയ്ക്ക്**

**പ്രമാടം ഗ്രാമപഞ്ചായത്തിലെ കൈതകര എസ്.ടി. കോളനി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോന്നി നിയോജകമണ്ഡലത്തിൽ പ്രമാടം ഗ്രാമപഞ്ചായത്തിലെ കൈതകര എസ്.ടി. കോളനി നവീകരണത്തിന് അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെയായി നിർമാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; അറിയിക്കുമോ? | (ബി) | 2017-18 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി എസ്റ്റിമേറ്റ് തുകയുടെ 20% മൊബിലൈസേഷൻ അഡ്വാൻസ് ഏജൻസിക്ക് അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ പദ്ധതി ആരംഭിച്ചിട്ടില്ല. പത്തനംതിട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 02/02/2021 തീയതിയിൽ ചേർന്ന മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 29/09/21 ന് ബഹു.എം.എൽ.എ, ജില്ലാ കളക്ടർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ഹാബിറ്റാറ്റ് ടെക്നോളജി ചെയർമാൻ എന്നിവരുടെ ഒരു യോഗം ചേരുകയും പദ്ധതി ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർവ്വഹണ ഏജൻസിക്ക് വീണ്ടും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ